**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5414** **15-03-2023 - ൽ മറുപടിയ്ക്ക്**

**എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ ടെക്നിക്കൽ ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ നിലവിൽ ടെക്നിക്കൽ ഓഫീസറുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | രണ്ട് ഒഴിവുകൾ |
| (ബി) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള ഫീഡർ കാറ്റഗറി ഏതാണ്; ഈ ഫീഡർ കാറ്റഗറിയിൽ നിന്നും ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ എത്ര പേരുണ്ട്; ഇവർക്ക് പ്രമോഷൻ യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷന്റെ ഫീഡർ കാറ്റഗറി ഫോർമാൻ / സീനിയർ ഇൻസ്ട്രക്ടർ / ഇൻസ്ട്രക്ടർ എന്നിവയാണ്. ഇവയിൽ ഭേദഗതി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. കൂടാതെ എൽ.ബി.എസ് സെന്ററിൽ സാമ്പത്തിക പരാധീനതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രൊമോഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | സ്പെഷ്യൽ റൂളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഏതെല്ലാം തസ്തികകളിലേക്കാണ് ഫീഡർ കാറ്റഗറിയിൽ നിശ്ചിത യോഗ്യതയുള്ളവരുണ്ടായിട്ടും പ്രമോഷൻ അനുവദിക്കാത്തതെന്ന് വ്യക്തമാക്കാമോ; | (സി) | ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷന്റെ ഫീഡർ കാറ്റഗറി ഫോർമാൻ / സീനിയർ ഇൻസ്ട്രക്ടർ / ഇൻസ്ട്രക്ടർ എന്നിവയാണ്. ഇവയിൽ ഭേദഗതി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. കൂടാതെ എൽ.ബി.എസ് സെന്ററിൽ സാമ്പത്തിക പരാധീനതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രൊമോഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വേണ്ടി എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വേണ്ടി എൽ.ബി.എസ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഇ) | നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ | (ഇ) | സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് എൽ.ബി.എസിലെ അംഗീകൃത സംഘടനകൾ രേഖാമൂലം എഴുതി സമർപ്പിച്ച ഭേദഗതികളും എൽ.ബി.എസിലെ ജീവനക്കാർ സമർപ്പിച്ച പരാതികളും ക്രോഡീകരിച്ച് എൽ.ബി.എസിന്റെ |

| | | | |
|---|---|---|---|
| | ഭേദഗതിക്ക് മുൻപ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തണമെന്ന നിയമപരമായ ബാധ്യത നിർവ്വഹിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | 110-ാംമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഭേദഗതി പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ആയത് സർക്കാർ അംഗീകാരത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (എഫ്) | അതാത് സമയത്ത് നിലവിലുള്ള സ്പെഷ്യൽ റൂളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാനുള്ള നിയമപരമായ ഉത്തരവാദിത്വമുണ്ടെന്നിരിക്കെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രമോഷനുകൾ നൽകുന്നതിന് കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എഫ്) | സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് എൽ.ബി.എസിലെ അംഗീകൃത സംഘടനകൾ രേഖാമൂലം എഴുതി സമർപ്പിച്ച ഭേദഗതികളും എൽ.ബി.എസിലെ ജീവനക്കാർ സമർപ്പിച്ച പരാതികളും ക്രോഡീകരിച്ച് എൽ.ബി.എസിന്റെ 110-ാംമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഭേദഗതി പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ആയത് സർക്കാർ അംഗീകാരത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ